**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 451** **12-08-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബോർഡിന് കിട്ടാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ . എൻ . ഷംസുദീൻ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ബോർഡിന് വർഷങ്ങളായി കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇത് ഫലപ്രദമായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശുപാർശ നല്കുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ കെ.എസ്.ഇ.ആർ.സി - യുടെ അനുമതിയോടു കൂടി കെ.എസ്.ഇ.ബി.എൽ രണ്ടു വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള കുടിശ്ശിക, കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചു ഉപഭോക്താക്കളിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നടന്ന വൈദ്യുതി അദാലത്തുകളിൽ വൈദ്യുതി കുടിശ്ശിക സംബന്ധിച്ച പരാതികൾ സ്വീകരിച്ച് അവ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വൈദ്യുതി അദാലത്തുകൾ തുടങ്ങി പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതികൾ ദീർഘകാല കുടിശ്ശിക പിരിച്ചെടുക്കുന്നതിനു ഫലപ്രദമായെന്നാണ് വിലയിരുത്തുന്നത്. വൈദ്യുതി ബോർഡിന് വർഷങ്ങളായി കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നിലവിൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കുടിശ്ശിക നോട്ടീസുകൾ നൽകി തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും, ഡിസ്മാന്റിൽ |

ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു. കൂടാതെ വൈദ്യുതി അദാലത്തുകൾ മുഖേനെ തർക്കങ്ങളിൽപ്പെട്ടും മറ്റും അടവാക്കാത്ത കുടിശ്ശികകളിന്മേൽ ഉപഭോക്താക്കളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് തീരുമാനങ്ങളിൽ എത്തിച്ചേരുക വഴി കുടിശ്ശിക തുകകൾ പിരിച്ചെടുക്കുവാൻ സാധിക്കുന്നുണ്ട്. ഇത് കൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ കൂടി വിവിധ ജുഡീഷ്യൽ ഫോറങ്ങളിൽ വർഷങ്ങളായി തീർപ്പാക്കാതെ നിൽക്കുന്ന കുടിശ്ശികകളിന്മേൽ തീരുമാനമാക്കാനും ആയത് വഴി കുടിശ്ശിക പിരിച്ചെടുക്കാനും സാധിക്കുന്നുണ്ട്. ഈ നടപടികൾ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഫലപ്രദമാണ്. വൈദ്യുതി ബോർഡിന് സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വൈദ്യുതി ചാർജ്ജ്കുടിശ്ശിക ഇനത്തിൽ ലഭ്യമാകാനുള്ള തുകയിന്മേൽ വൈദ്യുതി ബോർഡ് സർക്കാർ തലത്തിൽ നടത്തിയിട്ടുള്ള ശ്രമഫലമായി താഴെപറയും പ്രകാരം തീർപ്പാക്കാൻ സാധിച്ചിട്ടുണ്ട്. 30.09.2018-വരെയുള്ള കേരള ജല അതോറിറ്റിയുടെ 1326.69 കോടി രൂപ വൈദ്യുതി കുടിശ്ശിക 331.67 കോടി രൂപ വീതമുള്ള നാല് വാർഷിക തവണകളായി 2019-20 മുതലുള്ള ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി നൽകുവാൻ ഉത്തരവായതനുസരിച്ച് 2 ഗഡു പൂർണ്ണമായും മൂന്നാം ഗഡു ഭാഗികമായും ഇന്നേവരെ ലഭ്യമായിട്ടുണ്ട്. 01.10.2018 മുതലുള്ള ജല അതോറിറ്റിയുടെ വൈദ്യുതി കുടിശ്ശിക ഒടുക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെ വെള്ളക്കര കുടിശ്ശിക തനത് ഫണ്ടിൽ നിന്നും പൊതു ആവശ്യ ഫണ്ടിൽ നിന്നും തിരിച്ചു പിടിച്ച് 155.19 കോടി രൂപ ജല അതോറിറ്റിക്ക് കൈമാറിയിരുന്നു. ടി തുകയിൽ നിന്നും 140.64 കോടി രൂപ കെ.എസ്.ഇ.ബി.എൽ-ന് ലഭ്യമായിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള ആരോഗ്യവകുപ്പിന്റെ സ്ഥാപനങ്ങളുടെ 30.06.2018-വരെയുള്ള വൈദ്യുത ചാർജ്ജ് കുടിശ്ശിക ഇനത്തിൽ കെ.എസ്.ഇ.ബി.എൽ-ന് നൽകാനുള്ള 5.65 കോടി രൂപ സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി.എൽ-ന് ലഭ്യമായിട്ടുണ്ട്. പോലീസ്, ഇറിഗേഷൻ വകുപ്പുകളുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ നടന്നുവരുന്നു. കുടിശ്ശികയുള്ള മുഴുവൻ സർക്കാർ

| | | | |
|---|---|---|---|
| | | | സ്ഥാപനമേധാവികൾക്കും ഒറ്റത്തവണ തീർപ്പാക്കൽ സംബന്ധിയായ അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വരുമാനക്കുറവ് നികത്താൻ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിന് പകരം കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ ക്രിയാത്മകമായ മറ്റ് നടപടികളെടുക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ? | (ബി) | കുടിശ്ശിക പിരിച്ചെടുക്കലും, താരിഫ് പരിഷ്കരണവും തമ്മിൽ ബന്ധമില്ലാത്ത തരത്തിലുള്ള അക്കൗണ്ടിങ്ങ് സമ്പ്രദായമാണ് (Accrual Account System) കെ.എസ്.ഇ.ബി ലിമിറ്റഡിൽ അനുവർത്തിച്ചു വരുന്നത്. സർക്കാർ അക്കൗണ്ടിങ്ങ് സമ്പ്രദായത്തിൽ നിന്ന് വ്യത്യസ്തമായി ബിൽ ചെയ്യപ്പെടുന്ന മുഴുവൻ തുകയും വരുമാനമായി കണക്കിലെടുക്കുകയും ചെയ്യുന്ന അക്കൗണ്ടിങ്ങ് സമ്പ്രദായം ആയതിനാൽ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക ഒന്നും തന്നെ റവന്യൂ കമ്മിയിൽ പ്രതിഫലിക്കുന്നില്ല. വൈദ്യുതി നിയമം - 2003, ദേശിയ താരിഫ് നയം - 2016,സംസ്ഥാനറെഗുലേറ്ററികമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ-2018 എന്നിവയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, വൈദ്യുതി നിരക്കിൽ വ്യത്യാസങ്ങൾ വരുത്തുന്നത്. വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്കുകൾ പുതുക്കുമ്പോൾ, വൈദ്യുതിയുടെ ഉൽപാദന വാങ്ങൽ ചിലവുകൾ (Generation and Power purchase cost), പ്രവർത്തന പരിപാലന ചിലവുകൾ (Operation and Maintenance Cost), പലിശ ചെലവുകൾ (Interest and Finance Charges), മൂലധന ഓഹരിയുടെ വിഹിതം (Return on Equity) തുടങ്ങിയ മൊത്തം ചെലവുകളും, നിലവിലുള്ള മൊത്തം വരുമാനവും തമ്മിലുള്ള അന്തരം എന്നിവ കൂടി പരിഗണിക്കാറുണ്ട്. മൊത്തം വരുമാനം കണക്കാക്കുമ്പോൾ വിൽപ്പന നടത്തുന്ന മുഴുവൻ വൈദ്യുതിയുടെ വിലയും കുടിശ്ശിക ഇല്ലാതെ പിരിച്ചെടുത്താൽ ലഭിക്കുന്ന തുകയുമാണ് പരിഗണിക്കുന്നത്. കോവിഡ് പ്രതിസന്ധിയായതിനാൽ കുടിശ്ശിക പിരിക്കുന്നതിൽ ചില ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ആവശ്യ സേവനങ്ങൾ നൽകുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്. പൂർണതോതിൽ വൈദ്യുതി ഉപയോഗിക്കുന്ന HT ഉപഭോക്താക്കൾ വൈദ്യുതി ബിൽ വീഴ്ച കൂടാതെ അടയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മറ്റ് ഉപഭോക്താക്കളുടെ കുടിശ്ശിക തവണകളായി അടയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കുടിശ്ശിക തുക പൂർണ്ണമായി പിരിച്ചെടുത്ത് മാത്രമേ KSEB -യ്ക്ക് മുന്നോട്ട് പോകുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ